**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3461** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിനായി സംസ്ഥാനതലത്തിൽ പ്രത്യേക കേന്ദ്രത്തിന് രൂപം കൊടുത്തിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഇത് എത്രത്തോളം സഹായകമാണ്; വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്തെ സർവ്വകലാശാല കളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ കൗൺസിലിന് കീഴിൽ അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC – ന്റെ അവലോകന പരിധിയിൽ വരും.<br><br>രണ്ട് കോളേജുകൾക്ക് സാക്ക് അക്രഡിറ്റേഷൻ പൂർത്തിയാക്കി കഴിഞ്ഞു. കൂടുതൽ കോളേജുകളെ അക്രഡിറ്റേഷന് വിധേയമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അക്രഡിറ്റേഷന്റെ ഫലമായി താഴെപ്പറയുന്ന മേഖലകളിൽ കോളേജുകൾക്ക് കൂടുതൽ അക്കാദമിക് മികവ് കൈവരിക്കാൻ സാധിക്കും. ഇത് വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങളും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം പ്രദാനം ചെയ്യാൻ സ്ഥാപനങ്ങളെ സജ്ജമാക്കുകയും ചെയ്യുന്നു.<br><br>Curricular Aspects<br><br>Teaching-Learning and Evaluation<br><br>Research, Innovations and Extension |

| | | | |
|---|---|---|---|
| | | | Infrastructure and Learning Resources<br>Student Support and Progression |
| (ബി) | നാഷണൽ അസസ്സ്മെൻറ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | 2022-23 സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ കോളേജുകളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്. സർവ്വകലാ ശാലാ കോളേജ്തലത്തിൽ അക്രഡിറ്റേ ഷനുമായി ബന്ധപ്പെട്ട ഓറിയെന്റേഷൻ പ്രോഗ്രാമുകൾ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടത്തി വരുന്നു. സർവ്വകലാശാലകളിലും കോളേജുകളിലും ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്താനുള്ള ശ്രമങ്ങൾ നടക്കുന്നു. സർവ്വകലാശാലകളിലും കോളേജുകളിലും IQAC കളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ